കേരള സർക്കാർ

**വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഒക്ടോബർ 30 ചൊവ്വ

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## കുടുംബശ്രീ ജില്ലാമിഷൻ 15 ലക്ഷം രൂപ നൽകി സഫലം കുടുംബശ്രീ യൂണിറ്റുകൾ ഉയർച്ചയിലേക്ക്

ജില്ലയിൽ നിലവിലുള്ള 10 കുടുംബശ്രീ വനിതാ കശുവണ്ടി യൂണിറ്റുകളിലെ ബോയിലർ, ഡ്രയർ, കണ്ടെയ്നർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി കുടും ബശ്രീ ജില്ലാമിഷൻ 15 ലക്ഷം രൂപ അനുവദിച്ചു. 2009 ൽ ആരംഭിച്ച സഫലം യൂണിറ്റു കളിൽ നിലവിൽ പ്രവർത്തിക്കുന്ന 10 യൂണിറ്റുകളിലും ജില്ലാ യൂണിറ്റിലുമായി 70 പേരാണ് നിലവിൽ ജോലി ചെയ്യുന്നത്. കാലപ്പഴക്കത്താൽ ഉപയോഗ ശൂന്യമായ ഉപ കരണങ്ങൾക്ക് പകരമായാണ് പുത്തൻ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കുന്ന ത്. ഇതുവഴി കൂടുതൽ ഉത്പാദനം നടത്താനാകും.

എൻമകജെ, കാറഡുക്ക, കുറ്റിക്കോൽ, ബേഡഡുക്ക, പനത്തടി, കള്ളാർ, കോടോം ബേളൂർ, അജാനൂർ, പള്ളിക്കര, കയ്യൂർ ചീമേനി യൂണിറ്റുകളിൽ പുത്തൻ ഉപകരണങ്ങൾ പ്രവർത്തന സജ്ജമായി. കാസർകോട് - കണ്ണൂർ ജില്ലകളിലെ ഉത്പാദ കരിൽ നിന്നും നേരിട്ട് കശുവണ്ടി ശേഖരിച്ചാണ് യൂണിറ്റുകളിൽ ഉത്പാദനം നടക്കു

ന്നത്. ഏറ്റവും മികച്ച കശുവണ്ടി  ഈ പ്രദേശത്ത് നിന്നുള്ളതാണെന്ന് ഈ മേഖലയിലെ വിദഗ്ധർ സാക്ഷ്യപ്പെടുത്തുന്നു. ഉത്പാദനത്തിന്റെ 75 ശതമാനവും ഈ മേഖലയിൽ തന്നെയാണു വിപണനവും നടത്തുന്നത്. ഓരോ യൂണിറ്റുകളിലേക്കുള്ള പുതിയ ഉപരണങ്ങളുടെ ഫ്ളാഗ് ഓഫ് ജില്ലാ മിഷൻ കോർഡിനേറ്റർ ടി ടി സുരേന്ദ്രൻ നിർവഹിച്ചു.  പ്രസിഡന്റ് സതീദേവിയുടെ അധ്യക്ഷയായി. എഡിഎംസി: സി.ഹരിദാസൻ, ഈശ്വര നായിക്, പ്രദീപൻ എന്നിവർ സംസാരിച്ചു.   യൂണിറ്റ് മാനേജർ ചിന്താമണി സ്വാഗതവും സെക്രട്ടറി തങ്കമണി നന്ദിയും പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്:-കുടുംബശ്രീ സഫലം:-കുടുംബശ്രീ സഫലം യൂണിറ്റിൽ നിന്ന്.**

## ക്ഷേത്രപ്രവേശന വിളംബരം;

## സംഘാടക സമിതി ഇന്ന് കളക്ടറേറ്റിൽ

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാ വാർഷികം കാസർകോട് ജില്ലയിൽ വിപുലമായി നടത്തുന്നതിനുള്ള സംഘാടക സമിതി ഇന്ന് (ഒക്ടോബർ 31) ഉച്ചയ്ക്ക് രണ്ടിന് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടക്കും. 1936ൽ കേരളത്തിൽ ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട പ്രക്ഷോഭങ്ങൾ, അയിത്തോച്ചാടന സമരങ്ങൾ, സവർണ്ണമേധാവിത്വത്തിനെതിരെ നടന്ന സമരങ്ങൾ, മനുഷ്യനായി പരിഗണിക്കന്നതിനും അവകാശ സംരക്ഷണത്തിനുമായി നടന്ന പോരാട്ടങ്ങൾ എന്നിവയെക്കുറിച്ച് പുതുതലമുറയ്ക്ക്  അറിവ് പകരുന്നതിനും ചരിത്രത്തിന്റെ പുനരാവിഷ്കാരത്തിനുമാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു പറഞ്ഞു. പ്രഭാഷണം, ഡോക്യുമെന്ററി പ്രദർശനം, സെമിനാറുകൾ, സാംസ്കാരിക പരിപാടികൾ, എക്സിബിഷൻ എന്നിവ നടക്കും.

ജില്ലാ ഭരണകൂടം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സാംസ്കാരികം, പുരാവസ്തു, പുരാരേഖ വകുപ്പുകൾ സംയുക്തമായാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, ഗ്രന്ഥശാലാ പ്രസ്ഥാനം എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജില്ലയിലെ സംഘാടന ചുമതല റവന്യുമന്ത്രി ഇ.ചന്ദ്രശേഖരനാണ്. ജില്ലയിലെ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സാംസ്കാരിക സംഘടന, വിദ്യാർഥി സംഘടന, സർക്കാർ ജീവനക്കാരുടെ സർവീസ് സംഘടന, സന്നദ്ധ സംഘടന, ഗ്രന്ഥശാല, ഗാന്ധിയൻ സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## സംഘാടക സമിതി രൂപികരണം ഇന്ന്

ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ശിശുദിനം നവംബർ 1 മുതൽ 21 വരെ ശിശു അവകാശ സംരക്ഷണ പ്രവർത്തനങ്ങളും വിവിധങ്ങളായ പരിപാടിക ളുമായി വിപുലമായി ആചരിക്കും. കുട്ടികൾക്കായുള്ള വിവിധ കലാമത്സരങ്ങൾ കാഞ്ഞങ്ങാടും, കുട്ടികളുടെ റാലി കാസർകോട് മുനിസിപ്പാലിറ്റിയുടെ സഹകരണ ത്തോടുകുടി കാസർകോട് നടത്തും. റാലിയുടെ വിജയകരമായ നടത്തിപ്പിന് വേണ്ടിയുള്ള സംഘാടസമിതി രൂപികരണം ഇന്ന്(31) വൈകിട്ട് നാലിന് ജില്ലാകളക്ടർ ഡോ.ഡി.സജിത്ബാബുന്റെ അധ്യക്ഷതയയിൽ കാസർകോട് മുനിസിപ്പൽ കോൺഫ റൻസ് ഹാളിൽ നടക്കും.

## കെസ്റു, ജോബ് ക്ളബ്, ശരണ്യ;
## ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

2018-19 സാമ്പത്തിക വർഷം കെസ്റു, ജോബ് ക്ളബ്ബുകൾ,ശരണ്യ തുടങ്ങിയവ തുടങ്ങാനുദ്ദേശിക്കുന്ന കാസർകോട് ജില്ലക്കാരായ ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് കാസർകോട്, ടൗൺ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ഹോസ്ദുർഗ്ഗ് എന്നീ ഓഫീസുകളിൽ ബന്ധപ്പെട ണം. ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്, കാസർകോട് ഫോൺ.04994 255582, ടൗൺ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്, ഹോസ്ദുർഗ്ഗ്, ഫോൺ. 04672 209068

ജോബ് ക്ളബ്ബ്: പരമാവധി വായ്പ- 10,00000, സബ്സിഡി: 25% (പരമാവധി 2,00000 രൂപ), പ്രായം 21 നു 45 മദ്ധ്യേ. (പട്ടിക ജാതി, പട്ടികവർഗ്ഗ/അംഗപരിമിത ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും, കേരളത്തിലെ മറ്റു പിന്നോക്ക സമുദായ ത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 3 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭി ക്കും. കുടുബ വാർഷിക വരുമാനം 1,00000 രൂപയിൽ കുറവായിരിക്കണം.

കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ളോയ്മെന്റ് സ്കീം ഫോർ ദ രജി സ്റ്റേർഡ് അൺ എംപ്ളോയ്ഡ്)പരമാവധി വായ്പ: 1,00000, സബ്സിഡി: 20% (പരമാ വധി 20,000 രൂപ),പ്രായം 21 നു 50 മദ്ധ്യേ, കുടുംബ വാർഷിക വരുമാനം 1,00000 രൂപ യിൽ കുറവായിരിക്കണം.

ശരണ്യാ സ്വയം തൊഴിൽ പദ്ധതി: പരമാവധി വായ്പ - 5,0000, സബ്സിഡി -50% , പരമാവധി 25000/-, പ്രായപരിധി- 18 നും 55നും മദ്ധ്യേ ആയിരിക്കണം.(അവി വാഹിതരായ സ്ത്രീകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം), കുടുംബ വാർഷിക വരു മാനം - 2 ലക്ഷത്തിൽ കവിയാൻ പാടില്ല. എംപ്ളോയ്മെന്റ് രജിസ്ട്രേഷൻ കാർഡു സഹിതം അപേക്ഷ ഫോറം കാസറകോട് ജില്ലാ എംപാളോയ്മെന്റ് എക്സ്ചേഞ്ചി ലും, ഹോസ്ദുർഗ്ഗ് ടൗൺ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിലും, മഞ്ചേശ്വരം ബ്ളോക്ക്

പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന എംപ്ളോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിലും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ നവംബർ 30 ന് മുമ്പായി മേൽ ഓഫീസുകളിൽ സമർപ്പിക്കണം.

## നവകേരള നിർമ്മിതിക്ക് മേലാങ്കോട്ടിന്റെ മാതൃക

നവകേരള നിർമിതിയിൽ മേലാങ്കോട്ടിന്റെ മാതൃക പ്രശംസനീയമാണെന്ന് ജില്ലാ കലക്ടർ ഡോ.ഡി.സജിത് ബാബു പറഞ്ഞു. പ്രളയബാധിതരെ സഹായിക്കാൻ മേലാങ്കോട്ട് എ.സി.കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്കൂൾ നടത്തിയ ഓരോ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്.

കാരുണ്യ വണ്ടിയിലൂടെ ശേഖരിച്ച പാഴ് വസ്തുക്കൾ വിറ്റ് കിട്ടിയ 9500 രൂപ ഏറ്റു വാങ്ങാൻ സ്കൂളിൽ നേരിട്ട് എത്തിയതായിരുന്നു കലക്ടർ.നഗരസഭ ചെയർമാൻ വി.വി.രമേശൻ അധ്യക്ഷത വഹിച്ചു.ഹരിത കേരളം ഹരിത സ്പർശം പരിപാടിയുടെ ഭാഗമായി അധ്യാപക രക്ഷാകർത്തക സമിതി സംഘടിപ്പ കാരുണ്യവണ്ടി ആയിരത്തിലധികം വീടുകളിൽ മാലിന്യ മുക്ത കേരള സന്ദേശം പ്രചരിപ്പിച്ച് അഞ്ഞൂറ് വീടുകളിൽ നിന്ന് ശേഖരിച്ച പാഴ് വസ്തുക്കളാണ് കേരള സ്ക്രാപ്പ് അസോസിയേഷൻ കാഞ്ഞങ്ങാട് മേഖലാ സെക്രട്ടറിക്ക് വിറ്റത്. കുട്ടനാട് കുട്ടമംഗലം ഗവ.എൽ.പി.സ്കൂളിനാവശ്യമായ മുഴുവൻ പഠനോപകരണങ്ങൾ നൽകിയ മാതൃകയും ചാലക്കുടി നഗരസഭയിൽ അമ്പതംഗ വിദഗ്ധ കർമ്മ സേനയുമായി ഒരാഴ്ചക്കാലം നടത്തിയ സന്നദ്ധ പ്രവർത്തനവും സാലറി ചലഞ്ചിന് മുമ്പെ ഒരു മാസത്തെ ശമ്പളവും സർവീസ് അവസാനിക്കുന്നത് വരെ മാസം തോറും രണ്ട് ദിവസത്തെ ശമ്പളം നവനിർമതിക്ക് വേണ്ടി നൽകാനുള്ള തീരുമാനിച്ച പ്രഥമാധ്യാപകന്റെ മാതൃകയും കുട്ടികൾ വഴി ശേഖരിച്ച ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി പത്ത് രൂപയും നവകേരള നിർമിതിക്കായുള്ള അനുകരണീയ മാതൃകകളാണ്. ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജില്ലാ കോർഡിനേറ്റർ എം.പി.സുബ്രഹ്മണ്യനെ കലക്ടർ പ്രത്യേകം പ്രശംസിച്ചു.കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ വി.വി.രമേശൻ വികസന പ്രവൃത്തികളിൽ വരുത്തിയ വേഗത മറ്റു നഗരസഭകൾ മാതൃകയാക്കണമെന്നും കലക്ടർ പറഞ്ഞു. പ്രഥമാധ്യാപകൻ കൊടക്കാട് നാരായണൻ, പി.ടി.എ.പ്രസിഡന്റ് കെ.വി.സുഗതൻ പ്രസംഗിച്ചു.

ഫോട്ടോ : മേലാങ്കോട്ട് എ.സി.കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്കൂൾ കാരുണ്യ വണ്ടിയിലൂടെ ശേഖരിച്ച പാഴ് വസ്തുക്കൾ വിറ്റ് കിട്ടിയ തുക ജില്ലാ കലക്ടർ ഡോ.ഡി.സജിത്ബാബു ഏറ്റു വാങ്ങുന്നു.

## താലൂക്ക് വികസന സമിതി യോഗം

ഹോസ്ദുർഗ് താലൂക്ക് വികസന സമിതിയുടെ നവംബർ മാസത്തിലെ യോഗംമൂന്നിന് രാവിലെ 11 മണിക്ക് ഹോസ്ദുർഗ് താലൂക്ക് ഓഫീസ് കോൺഫറൻസഹാളിൽ ചേരും.

## വൈദ്യൂതി കുടിശിക ഒറ്റ തവണ തീർപ്പാക്കൽ

വൈദ്യുതി ബോർഡിൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി മൂന്നുമാസത്തേക്ക് ദീർഘിപ്പിച്ചു. വൈദ്യുതി ബോർഡിൽ ദീർഘകാല കുടിശിക തീർക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി സെപ്തംബർ 30 ന് അവസാനിച്ചു.

മഹാപ്രളയം വരുത്തിവെച്ച കെടുതിയുടെ പശ്ചാത്തലത്തിൽ വൈദ്യുതി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവിറക്കി. നേരത്തെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇറക്കിയ ഉത്തരവിലെ നിബന്ധനകളെല്ലാം കാലാവധി ദീർഘിപ്പിച്ച ഉത്തരവിനും ബാധകമാണ്. അതുപ്രകാരം പലിശയിൽ വലിയ ഇളവുകൾ അനുവദനീയമാണ്. റവന്യൂ റിക്കവറി കേസുകൾ, കോടതികളിൽ കെട്ടികിടക്കുന്ന കേസുകൾ എന്നിവ പ്രത്യേക സമിതികൾ മുഖാന്തിരം തീർപ്പാക്കും. കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള അപേക്ഷ ഡിസംബർ 15വരെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കും. കുടിശ്ശിക വരുത്തിയ കറണ്ട് ചാർജ്ജ്, ഇളവ് ചെയ്ത പലിശ സഹിതം ഡിസംബർ 31 നോ അതിനു മുമ്പായോ അടച്ചു തീർക്കുന്ന ഉപഭോക്താക്കൾക്കു മാത്രമേ ഒ.ടി.പി ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു.

എച്ച്.ടി/ഇ.എച്ച്.ടി ഉപഭോക്താക്കൾ സ്പെഷ്യൽ ഓഫീസർ (റവന്യൂ) തിരുവനന്തപുരത്തിനാണ് അപേക്ഷ നൽകേണ്ടത്. രണ്ടു വർഷ കാലയളവിൽ കൂടുതൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്കാണ് ഒറ്റത്തവണ തീർപ്പാക്കലിന് അപേക്ഷ നല്കാൻ അർഹത. ആർ.ആർ.ആക്ഷൻ നേരിടുന്ന ഉപഭോക്താക്കൾ റവന്യൂ ഡിപ്പാർട്ടമെന്റ് ആവശ്യപ്പെടുന്ന കളക്ഷൻ ചാർജ്ജ് കൂടി അടയ്ക്കാൻ ബാധ്യസ്ഥരാണ്. വിശദ വിവരങ്ങൾ ബോർഡിന്റെ വെബ് സൈറ്റിൽ (www.kseb.in) ലഭ്യമാണ്. കൂടാതെ 04994 230382 എന്ന നമ്പറിലും വിവരങ്ങൾ ലഭ്യമാണ്.

## സ്പെഷ്യൽ ഡിസ്കൗണ്ട് ഓഫറോടുകൂടി ഇന്റേൺഷിപ്പ് ട്രെയിനിങ് പ്രോഗ്രാമിന് അവസരം

സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോണിൽ സ്പെഷ്യൽ ഓഫറോടുകൂടി ഇന്റേൺഷിപ്പ് ട്രെയിനിങ് പ്രോഗ്രാം ചെയ്യാൻ അവസരം. ബി.ടെക്ക്,ബി.ഇ, ഡിഗ്രി പാസായവർക്ക് നിബന്ധനകൾക്ക് വിധേയമായി ഫീസ് ഇളവോട്കൂടി Linux, Apache, MySQL & PHP - ൽ ഇൻറേൺഷിപ്പ് ട്രെയിനിങ് പ്രോഗ്രാം ചെയ്യാൻ അവസരം ഒരുക്കുന്നു. ഇന്ന്(ഒക്ടോബർ 31-നകം) രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമായിരിക്കും ഈ അവസരം. കോഴ്സിന്റെ കാലാവധി 2018 നവംബർ മുതൽ 4 മാസമായിരിക്കും. സീറ്റുകൾ പരിമിതം. കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക. കെൽട്രോൺ നോളജ് സെന്റർ, കോഴിക്കോട് (റെയിൽവേ ലിങ്ക് റോഡ്)ഫോൺ :8089245760, എറണാകുളം (കത്രിക്കടവ്) ഫോൺ:8943569054 /9207811879, തിരുവനന്തപുരം(ആയുർവേദ കോളേജ് ജംഗ്ഷൻ) ഫോൺ: 9207811878

## വാഹന ക്വട്ടേഷൻ

കുടുംബശ്രീ ജല്ലാമിഷന്റെ കീഴിൽ ജില്ലയിൽ കൊറഗ എസ് ടി സ്പെഷ്യൽ പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസ് ആവശ്യത്തിനായി ടാക്സി വാഹനനം ഒരു വർഷത്തേക്ക് ടെൻണ്ടർ ക്ഷണിക്കുന്നു. പരമാവധി 2000കിലോമീറ്റർ ഓട്ടത്തിനായി ടാക്സി വാഹനങ്ങൾ (5 സീറ്റ്) പി ഡബ്ല്യൂ ഡി നിരക്കിൽ 2015 മോഡലോ, അതിന് ശേഷമോ ഉളള വാഹനം പ്രതീക്ഷിക്കുന്നു. 2000 ൽ കൂടുതൽ ഉളള കിലോമീറ്ററിന് പി ഡബ്ല്യൂ ഡി നിരക്ക് പ്രകാരം, അനുവദനീയമായ തുക നൽകും. ഇൻകം ടാക്സ് നിയമ പ്രകാരം ടാക്സ് ഈടാക്കുന്നതാണ്. പ്രതീക്ഷിക്കുന്ന നിരക്ക്, വാഹനങ്ങൾ സംബന്ധിച്ച വിവരങ്ങൾ സഹിതമുളള ക്വട്ടേഷൻ 2018 നവംബർ 5 ന് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ വൈകുന്നേരം 3.30 മണിവരെ സ്വീകരിക്കുന്നതാണ്. വിശദവിവരങ്ങൾ സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ മിഷനുമായി ബന്ധപ്പെടാം. 04994 256111, ബശ്രീ ജില്ലാ മിഷൻ ഓഫീസിൽ വൈകുന്നേരം 3.30 മണിവരെ ടെൻണ്ടർ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ മിഷനുമായി ബന്ധപ്പെടാം. 04994 256111

## എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം

കാസറഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ നവംബർ രണ്ടിന് രാവിലെ 10 ന് അഭിമുഖം നടത്തും. അധ്യാപകർ (കേന്ദ്രസർക്കാരിന്റ പ്രോജെക്ടിലേക്കുള്ള 5 ഒഴിവുകളിലേക്കാണ് അഭിമുഖം) വിഷയം സോഷ്യൽ സയൻസ്, മാത്തമാറ്റിക്സ്,. ഇംഗ്ലീഷ്, മലയാളം യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ബിഎഡ്. താല്പര്യമുള്ളവർ അന്നേ ദിവസം

കാസറഗോഡ് കല്ലെക്ടറേറ്റിൽ സ്ഥിതിചെയ്യുന്ന എംപ്ലോയബിലിറ്റി സെന്ററിൽ തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ഉന്നത വിദ്യാഭ്യാസ സർടിഫിക്കറ്റിന്റെ കോപ്പിയും സഹിതം 250 രൂപ അടച്ചു വൺ ടൈം രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207155700, 04994297470

## ടാക്സി വാഹന ക്വട്ടേഷൻ

കുടുംബശ്രീ ജില്ലാമിഷന്റെ കീഴിൽ കൊറഗ എസ് ടി സ്പെഷ്യൽ പ്രൊജക്ടിലേക്ക് ടാക്സി വാഹനനത്തിന് ഒരു വർഷത്തേക്ക് ടെൻണ്ടർ ക്ഷണിച്ചു. നവംബർ 5 ന് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ വൈകുന്നേരം 3.30 മണിവരെ ടെൻണ്ടർ സ്വീകരിക്കും കൂടുതൽ വിവരങ്ങൾക്ക് ജില്ലാ മിഷനുമായി ബന്ധപ്പെടാം. 04994 256111,

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

കയ്യൂർ ഗവ: മോഡൽ ഐ.ടി.ഐയിൽഫിറ്റർട്രേഡിലേക്ക്ഗസ്റ്റ് ഇൻസ്ട്രക്ടറെ ആവശ്യമുണ്ട്. യോഗ്യതയുളളഉ ദ്യോഗാർത്ഥികൾ നവംബർ 2 ന് രാവിലെ 10.30ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഐ.ടി.ഐയിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാ കണം. ബ്രാഞ്ചിലുള്ള ത്രിവത്സരഡിപ്ലോമ/എഞ്ചിനീയറിംഗ് ബിരുദം അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും മൂന്ന്വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻ.എ.സിയും ഒരുവർഷത്തെ പ്രവൃത്തി പരിച യവും കൂടൂതൽ വിവരങ്ങൾക്ക് 04672-230980

## മോട്ടോർ തൊഴിലാളി ക്ഷേമനിധി തീർപ്പാക്കൽ

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി വിഹിതം കൂടിശ്ശിയായി റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുക ളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി പലിശയും പിഴപലിശയും ഒഴിവാക്കുന്നത് ഡിസംബർ 31 വരെ ദീർഘിപ്പിച്ചു സർക്കാർ ഉത്തരവായി. ക്ഷേമനിധി കുടിശ്ശികയു ളള എല്ലാ വാഹനം ഉടമകളും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണ മെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അിറയിച്ചു.

## അക്ഷര ലക്ഷം (സാക്ഷരത) സർട്ടിഫിക്കറ്റ് വിതരണം

ജില്ലാ സാക്ഷരതാമിഷൻ കാസറഗോഡ്-സംസ്ഥാന സാക്ഷരതാമിഷൻ നടത്തിയ അക്ഷരലക്ഷം നിരക്ഷത നിർമ്മാർജ്ജന പരിപാടിയിൽ വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് വിതരണവും പ്രഖ്യാപനനവും നവംബർ 1 ന് രാവിലെ 11 മണിക്ക് മുളിയാർ ഗ്രാമ പഞ്ചായത്ത് ഹാളിൽ നടക്കും.കെ.കുഞ്ഞിരാമൻ എം.എൽ.എൽ ഉദ്ഘാടനം ചെയ്യും.മുളിയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ഖാലിദ് ബെള്ളിപ്പാടി അദ്ധ്യക്ഷത വഹിക്കും. ജില്ലാ കോ-ഓർഡിനേറ്റർ ഷാജുജോൺ പദ്ധതി വിശദീകരണം നടത്തും.ജില്ലയിൽ 65 വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയിൽ 2269 പേരെ കണ്ടെത്തുകയും അവരിൽ 1717 പേർ പരീക്ഷ എഴുതുകയും, 1693 പേർ വിജയിക്കുകയും ചെയ്തു.സംസ്ഥാന തലത്തിൽ 42,933 പേരാണ്പരീക്ഷ വിജയിച്ചത്.ജില്ലയിലെ 65 വാർഡുകളിലും നവംബർ 1 ന് സർട്ടിഫിക്കറ്റ് വിതരണംനടക്കും.

## വിദ്യാകേന്ദ്രത്തിന് 3 സെന്റ്സ്ഥലം നൽകി

കഴിഞ്ഞ 20 വർഷമായി കിനാനൂർകരിന്തളം പഞ്ചായത്തിലെ പ്രതിഭാനഗർ തുടർവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നത് ഒരു ക്ലനബ്ബിന്റെ കെട്ടിടത്തിലാണ്. പ്രേരക് പി.വി. വിദ്യയുടെ നേതൃത്ത്വത്തിൽ ഒട്ടനവധി പ്രവർത്തനങ്ങളാണ് വിദ്യാകേന്ദ്രത്തിൽ സംഘടിപ്പിച്ചുവരുന്നത്. 1000ൽ പരം ആളുകളെ തുല്യതാ പരീക്ഷ എഴുതിപ്പിച്ചു. തയ്യൽ പരിശീലനം ഉൾപ്പെടെ നിരവധി സാമൂഹികബോധ വൽക്കരണ പരിപാടികളും ക്ലാസുകളും സംഘടിപ്പിച്ചതിലൂടെ പ്രദേശത്തെ പ്രധാന സ്ഥാപനമായി വിദ്യാകേന്ദ്രം മാറുകയായിരുന്നു. വിദ്യാകേന്ദ്രത്തിന്റെ ആവശ്യകതയും പ്രവർത്തന മികവും, വാർഡ് സാക്ഷരതാസമിതി അംഗംകൂടിയായ അവ്വാടക്കത്ത് ദാമോദരൻ മൈസ്റ്റർ തന്റെസ്വന്തം ഭൂമിയിൽനിന്നും വിദ്യാകേന്ദ്രത്തിന് 3 സെന്റ്സ്ഥലം കെട്ടിടം പണിയുന്നതിന് നൽകി. ബളാൽ ഗവ.ഹൈസ്കൂളിൽ നിന്നും പ്രധാന അദ്ധ്യാപകനായി റിട്ടയർചെയ്ത അദ്ദേഹത്തന്അക്ഷരങ്ങളോടും വലിയതാല്പര്യമായിരുന്നു. മുൻ സാക്ഷരതാ പ്രവർത്തകൻ കൂടിയായ അദ്ധേഹം സാമൂഹിക പ്രവർത്തന രംഗത്തും സാംസ്കാരിക പ്രവർത്തനങ്ങലിലും സജീവമാണ്. സെന്റ്സ്ഥലത്തിന്റെ രേഖകൾ സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഏറ്റുവാങ്ങി.